## പതിമുന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7218 11-07-2014-ലെ മറുപടിക്ക്

### വെള്ളോറയിൽ പുതിയ മാവേലിസ്റ്റോർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. കൃഷ്ണൻ | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| എ) കണ്ണൂർ ജില്ലയിൽ എരമം - കുറ്റൂർ പഞ്ചായത്തിൽ വെള്ളോറയിൽ പുതുതായി മാവേലിസ്റ്റോർ തുടങ്ങാനുള്ള ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശം പരിഗണനയിലുണ്ടോ; | എ) എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ കക്കറയിലും തുടർന്ന് വെള്ളോറയിലും മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നിവേദനങ്ങൾ ലഭിച്ചതിനെ തുടർന്ന് ഇതിന്റെ സാദ്ധ്യതാ പഠന റിപ്പോർട്ടിനായി കോഴിക്കോട് മേഖലാ മാനേജർക്ക് നൽകുകയുണ്ടായി. എന്നാൽ രണ്ടു സ്ഥലങ്ങളും ഒരുപോലെ ശുപാർശ ചെയ്യപ്പെട്ടതിനാലും കക്കറയിൽതന്നെ മാവേലിസ്റ്റോർ തുടങ്ങണമെന്ന് ജനപ്രതിനിധികൾ ആവശ്യപ്പെട്ടതിനാലും കക്കറയിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിന് ഉത്തരവായി. എന്നാൽ ഈ തീരുമാനം നടപ്പിൽ വരുത്തുന്നതിന് മുമ്പ് ശ്രീ. ജിതിരാജ്, വെള്ളോറ, കണ്ണൂർ എന്ന വ്യക്തി വെള്ളോറയിൽ തന്നെ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനായി അപേക്ഷിച്ചുകൊണ്ട് 15000/13 നമ്പർ റിട്ട് പെറ്റീഷൻ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തു. ഈ റിട്ട് പെറ്റീഷനിലെ വിധിയനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുകയും അതേ തുടർന്ന് 31-08-13 ലെ സർക്കാർ ഉത്തരവനുസരിച്ച് കക്കറയിൽ തന്നെ സ്റ്റോർ അനുവദിക്കുന്നതിന് ഉത്തരവാകുകയും ചെയ്തു. എന്നാൽ ഈ ഉത്തരവിനെതിരെ ശ്രീമതി റ്റി.എസ്.രാധാമണി എന്നൊരാൾ 23004/13 നമ്പർ ആയി വീണ്ടും ഒരു റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിരിക്കുകയാണ്. ഈ പെറ്റീഷൻ തീർപ്പാക്കിയിട്ടില്ലാത്ത- തിനാൽ ഉത്തരവ് നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടില്ല. |
| ബി) ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശം പരിഗണിച്ച് വെള്ളോറയിൽ മാവേലിസ്റ്റോർ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | ബി) പരിശോധിച്ചു വരുന്നു. |

Beena

സെക്ഷൻ ഓഫീസർ

6